(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ജനറൽ ഇൻഷ്വറൻസിന്റെയും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെയും എല്ലാവിധ വ്യക്തിഗത കണക്കുകളും കൃത്യമായി സൂക്ഷിക്കുക, ഇതിന്റെ അടിസ്ഥാനത്തിൽ ലാഭനഷ്ട കണക്കുകൾ തയ്യാറാക്കുക, പോളിസി ഉടമകൾക്ക്/ഇടപാടുകാർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുമ്പോൾ ഓരോ ഇടപാടുകാരനും അവരുടെ പോളിസി സംബന്ധമായ വിശദാംശങ്ങൾ ഇന്റർനെറ്റിലൂടെ ലഭിക്കുന്നതാണ്. കൂടാതെ ജീവനക്കാരന്/പോളിസി ഉടമയ്ക്ക് PEN/KSID-ID ഉപയോഗിച്ച് എല്ലാ പോളിസികളും ഗ്രൂപ്പ് ചെയ്യുന്നതിനുള്ള സൗകര്യം, ഓരോ പോളിസിയിലുമുള്ള പ്രതിമാസ പ്രീമിയം പോസ്റ്റ് ചെയ്യുന്നതിനും പോളിസി ലെഡ്ജർ കാണുന്നതിനുള്ള സൗകര്യം, വകുപ്പിന്റെ ട്രഷറി ഇടപാടുകൾ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം, വകുപ്പിന്റെ സാമ്പത്തിക റിപ്പോർട്ടുകൾ അടക്കമുള്ള എല്ലാ റിപ്പോർട്ടുകളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യം, സ്പാർക്ക്, മോട്ടോർ വാഹന വകുപ്പുകളുടെ സോഫ്റ്റ്വെയറുമായി വെബ് ഇന്റർഫേസ് എന്നീ സൗകര്യങ്ങൾ മുഖ്യമായും ലഭിക്കുന്നു.

(ഡി) കെൽട്രോൺ, ഐ.ടി. മിഷൻ, സ്പാർക്ക്, കെ.-സാൻ, ഐ.സി.എ.ഐ. എന്നീ ഏജൻസികളും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റും കമ്പ്യൂട്ടർവൽക്കരണവുമായി സഹകരിക്കുന്നുണ്ട്.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

29 (*629) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ് ശർമ്മ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുത നിലയത്തിന്റെ പാരിസ്ഥിതികാനുമതി പുനഃസ്ഥാപിക്കാൻ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പരിധിക്കുള്ളിൽനിന്ന് പദ്ധതിക്ക് അനുമതി കിട്ടാൻ സാദ്ധ്യതയുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ് ; ഇതിൽ എന്തു തുടർനടപടിയാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്.

(ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് അനുമതി ലഭിക്കാനിടയുണ്ട്.

(സി) പശ്ചിമഘട്ട മലനിരയുടെ സംരക്ഷണത്തിനായി നിയോഗിച്ച വിദഗ്ദ്ധ സമിതി (Western Ghats Ecology Expert Committee-WGEEP) സമർപ്പിച്ച റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ട് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ മുമ്പാകെ ഗോവ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയും മറ്റും നൽകിയ ഹർജി 26/2012 നിലവിലുണ്ട്. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് WP(C) No. 31022/2007, 30801/2007 എന്നീ കേസ്സുകളും ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട് W.A. 197/2008 എന്ന കേസും നിലവിലുണ്ട്.

(ഡി) പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുന്നതാണ്. കസ്തൂരിരംഗൻ സമിതിയുടെ ശിപാർശപ്രകാരം പ്രസ്തുത പദ്ധതിയുടെ ലഭ്യത പരിശോധിച്ച് മിനിമം ഇക്കോളജിക്കൽ ഫ്ലോ നിലനിർത്തിക്കൊണ്ട് വൈദ്യുതി ഉൽപ്പാദനത്തോത് നിർണ്ണയിക്കുന്ന പ്രക്രിയ പുരോഗമിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്ന മുറയ്ക്ക് പാരിസ്ഥിതികാനുമതി പുനഃസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സൗരോർജ്ജോപയോഗം സാർവ്വത്രികമാക്കാൻ നടപടി

30 (*630) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് കൊല്ലത്തിനകം സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് സൗരോർജ്ജം പുതുതായി ഉപയോഗിക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ വ്യവസായസ്ഥാപനങ്ങൾക്ക് സൗരോർജ്ജം ലഭ്യമാക്കുന്നതിനായി എത്ര കോടി രൂപ ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly